പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2109

12.02.2013-ൽ മറുപടിക്ക്.

## ക്രൈം ആന്റ് ക്രിമിനിൽ ട്രാക്കിംഗ് നെറ്റ്വർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് വകുപ്പിൽ നടപ്പിലാക്കുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; | : | (എ) കുറ്റകൃത്യങ്ങളുടെയും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും വ്യക്തമായ വിവരങ്ങൾ ദേശീയ തലത്തിൽ ലഭ്യമാകുന്ന തരത്തിൽ പോലീസ് സ്റ്റേഷനുകളെയും വിവിധ പോലീസ് ഓഫീസുകളെയും 'നെറ്റ് വർക്ക്' സംവിധാനത്തിലൂടെ ബന്ധിപ്പിച്ച് വളരെ വേഗത്തിലും കുറ്റമറ്റരീതിയിലും കുറ്റകൃത്യങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുന്ന കേന്ദ്ര സർക്കാരിന്റെ നൂതനമായ പദ്ധതിയാണ് സി.സി.റ്റി.എൻ.എസ്. (ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം). വളരെ കൃത്യതയോടെ കുറ്റവാളികളെ കണ്ടെത്തുന്നതിന് ദേശീയ തലത്തിൽ തന്നെ വളരെവേഗം സാധിക്കും എന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടവും ഉദ്ദേശ്യവും. |
| (ബി) സംസ്ഥാനത്തെ പോലിസ് സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഏതൊക്കെ സ്റ്റേഷനുകളിലാണ് ആരംഭിച്ചിട്ടുള്ളത് ; | : | (ബി) തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ എന്നീ ജില്ലകളിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ സംവിധാനം പ്രവർത്തിച്ചുവരുന്നു. |
| (സി) പൊതുജനങ്ങൾക്ക് ഈ പദ്ധതി കൊണ്ട് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുക ; വിശദമാക്കാമോ ? | : | (സി) പ്രസ്തുത സംവിധാനം പൂർണ്ണമായും നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് നെറ്റ് വർക്കിലൂടെ പരാതി ബോധിപ്പിക്കാനും മേൽ നടപടി അറിയുന്നതിനും ഈ സംവിധാനത്തിലൂടെ അറിയുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ